A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

505

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 5

## സാമൂഹ്യശാസ്ത്രം

സമയം: 2 മണിക്കൂർ

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

---

### പ്രവർത്തനം 1

**ബി.സി 563 ലാണ് ശ്രീബുദ്ധന്റെ ജനനം എന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നു.**

1. എത്ര വർഷങ്ങൾക്കുമുമ്പായിരിക്കും ശ്രീബുദ്ധൻ ജനിച്ചത്? നിങ്ങൾ ഇതെങ്ങനെയാണ് കണക്ക് കൂട്ടിയത്?
2. ചരിത്രം ചില പ്രധാന സംഭവങ്ങളെ ആധാരമാക്കിയാണ് സൂചിപ്പിക്കാറുള്ളത്. കേരളപ്പിറവിക്ക് ശേഷം, സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് എന്നിങ്ങനെ. ബുദ്ധന്റെ ജനനവർഷം ബി.സി 563ലാണെന്ന് പറയുന്നതിന് വിശദീകരണം നൽകുക?
3. താഴെ തന്നിരിക്കുന്ന സംഭവങ്ങൾ ഏത് നൂറ്റാണ്ടിലാണെന്ന് കണ്ടെത്തുക.

| വർഷങ്ങൾ | സംഭവങ്ങൾ | നൂറ്റാണ്ട് |
|---|---|---|
| ബി.സി. 261 | കലിംഗയുദ്ധം | |
| എ.ഡി 1857 | ഒന്നാം സ്വാതന്ത്ര്യസമരം | |
| എ.ഡി 2009 | വിദ്യാഭ്യാസ അവകാശനിയമം | |
| ബി.സി. 326 | അലക്സാണ്ടറുടെ ഇന്ത്യൻ ആക്രമണം | |

### പ്രവർത്തനം 2

**ജനനം ഒരാളെ കുടംബത്തിലെ അംഗമാക്കുന്നു. കുടുംബം നമ്മെ വളരെയധികം സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. കുടുംബം ഉൾപ്പെടെ വിവിധ ഘടകങ്ങൾ ചേർന്നാണ് സമൂഹം രൂപം കൊള്ളുന്നത്.**

1. സമൂഹ രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക.




2 കുടുംബം രൂപീകരിക്കപ്പെടുന്നത് എങ്ങനെയെല്ലാമാണ്?

3 എന്തെല്ലാം പ്രാഥമികാവശ്യങ്ങളാണ് കുടുംബം നിറവേറ്റിത്തരുന്നത്?

പ്രവർത്തനം 3

ചരിത്ര പ്രാധാന്യമുളള സ്ഥലങ്ങളും വസ്തുതകളുമാണ് ചുവടെയുള്ള ചിത്രങ്ങളിൽ കാണുന്നത്.



എ



ബി

1. ഈ ചിത്രങ്ങൾ ഏതെല്ലാം കാലഘട്ടങ്ങളിലെ ചരിത്രശേഷിപ്പുകളാണ്.

2. ഈ ചരിത്രശേഷിപ്പുകളുടെ ചിത്രങ്ങൾ താരതമ്യം ചെയ്ത് അതാത് കാലയളവിലെ സമൂഹത്തെക്കുറിച്ച് (ജന ജീവിതം, ഭരണവ്യവസ്ഥ, സുരക്ഷ.......) നിങ്ങളുടേതായ കണ്ടെത്തലുകൾ കുറിക്കുക.

പ്രവർത്തനം 4

പ്രാചീന മനുഷ്യ ജീവിതത്തെ പ്രാചീന ശിലായുഗം എന്നും നവീന ശിലായുഗം എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

1. പ്രാചീന ശിലായുഗത്തിലെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കാമോ?




2. പ്രാചീന മനുഷ്യന് അത്ഭുത വസ്തുവായ തീ എന്തെല്ലാം ആവശ്യങ്ങൾക്കായിരിക്കും ഉപയോഗിച്ചിട്ടുണ്ടാവുക?

പ്രവർത്തനം 5

ആധുനിക നാഗരിക സംസ്കാരങ്ങളെ അതിശയിപ്പിക്കുന്ന രീതിയിലായിരുന്നു പ്രാചീന കാലഘട്ടത്തെ നദീതടസംസ്കാരങ്ങൾ.

വിവിധ നദീതടസംസ്കാരങ്ങളുമായി ബന്ധപ്പെട്ട ചില ശേഷിപ്പുകളുടെ ചിത്രങ്ങളാണ് കാണുന്നത്.

എ



ബി





സി

1. ഈ ചിത്രങ്ങൾ ഓരോന്നും ഏതെല്ലാം നദീതട സംസ്കാരങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് എഴുതുക.

2. ഈ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് താഴെ നൽകുന്നത്.

- നഗരാസൂത്രണം മികച്ചതായിരുന്നു.
- ഹൈറോഗ്ലിഫിക്സ് ലിപിയാണ് ഉപയോഗിച്ചിരുന്നത്.
- ക്യൂണിഫോം ലിപി ഉപയോഗിച്ചു.
- സിന്ധു നദീതടത്തിലാണ് ഈ സംസ്കാരം വികാസം പ്രാപിച്ചത്.
- നൈൽ നദീതടത്തിലാണ് ഈ സംസ്കാരം വളർന്നുവന്നത്.
- യൂഫ്രട്ടീസ് ടൈഗ്രീസ് നദീതടങ്ങളിലാണ് ഈ സംസ്കാരം നിലനിന്നിരുന്നത്.

ഇവ ഏതെല്ലാം പുരാതന സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് തരം തിരിച്ചെഴുതുക?

പ്രവർത്തനം - 6

കുടുംബങ്ങൾക്ക് വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നും വരുമാനം ലഭിക്കുന്നു. വ്യത്യസ്ത ചെലവുകളും അനുഭവപ്പെടുന്നു.

വ്യത്യസ്ത കുടുംബങ്ങളുടെ വരവും ചെലവും കാണിക്കുന്ന പട്ടികയാണ് താഴെ കാണുന്നത്.

| കുടുംബം | ആകെ മാസവരുമാനം | ആകെ മാസചെലവ് |
|---|---|---|
| കുടുംബം -1 | 5000 | 7000 |
| കുടുംബം - 2 | 10000 | 10000 |
| കുടുംബം - 3 | 30000 | 25000 |

1. ഈ കുടുംബങ്ങളുടെ വരുമാനവും ചെലവും പരിശോധിച്ച് നിഗമനങ്ങൾ എഴുതുക?
2. ഇതിൽ ഏത് കുടുംബത്തിനാണ് സാമ്പത്തിക ഭദ്രത ഉള്ളത്?
3. വരവ് -ചെലവുമായി ബന്ധപ്പെട്ട് സാമ്പത്തിക ഭദ്രത കൈവരിക്കാൻ നിങ്ങൾക്ക് കൊടുക്കാവുന്ന നിർദ്ദേശങ്ങൾ എഴുതുക.